بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ﴿۱﴾

# ജുമുഅഃ ഖുത്ബ സംഗ്രഹം 30.06.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## ബദ്ർ യുദ്ധാനന്തര സംഭവ വികാസങ്ങൾ തുടർച്ച

اَشۡھَدُ اَنۡ لَّاۤ اِلٰہَ اِلَّا اللّٰہُ وَحۡدَہٗ لَا شَرِیۡکَ لَہٗ وَاَشۡھَدُ اَنَّ مُحَمَّدًا عَبۡدُہٗ وَرَسُوۡلُہٗ
اَمَّا بَعۡدُ فَاَعُوۡذُ بِاللّٰہِ مِنَ الشَّیۡطٰنِ الرَّجِیۡمِ ○ بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ○
اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ○ اَلرَّحۡمٰنِ الرَّحِیۡمِ ○ مٰلِکِ یَوۡمِ الدِّیۡنِ ○ اِیَّاکَ
نَعۡبُدُ وَاِیَّاکَ نَسۡتَعِیۡنُ ○ اِھۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ○ صِرَاطَ الَّذِیۡنَ اَنۡعَمۡتَ
عَلَیۡھِمۡ غَیۡرِ الۡمَغۡضُوۡبِ عَلَیۡھِمۡ وَلَا الضَّآلِّیۡنَ ○

ബദ്ർ യുദ്ധം അവസാനിച്ച ശേഷം തിരുനബി(സ) യുടെ യുദ്ധത്തടവുകാരോടുള്ള സത്പെരുമാറ്റത്തെ കുറിച്ച് ത്വബഖാത് ഇബ്നു സഅദിൽ ഇപ്രകാരം രേഖപ്പെട്ടിരിക്കുന്നു. ബദ്റിലെ യുദ്ധത്തടവുകാർ വന്നപ്പോൾ അതിൽ തിരുനബിയുടെ പിതൃവ്യനായ ഹദ്റത് അബ്ബാസും ഉണ്ടായിരുന്നു. അന്ന് രാത്രി തിരുനബിക്ക് ഉറങ്ങാൻ സാധിച്ചില്ല. അപ്പോൾ ഒരു സഹാബി ചോദിച്ചു: അല്ലയോ അല്ലാഹുവിന്റെ പ്രവാചകരേ, താങ്കളെ ഏത് കാര്യമാണ് ഉറക്കം കെടുത്തിയിരിക്കുന്നത്. തിരുനബി(സ) പറഞ്ഞു: അബ്ബാസിന്റെ ഞെരുക്കത്തിന്റെ ശബ്ദം. അപ്പോൾ ഒരു വ്യക്തി പോയി ഹദ്റത് അബ്ബാസിന്റെ കെട്ട് അയച്ചുകൊടുത്തു. അതിനുശേഷം തിരുനബി(സ) ചോദിച്ചു: എന്ത്പറ്റി അബ്ബാസ് ഞെരുങ്ങുന്ന ശബ്ദം കേൾക്കുന്നില്ലല്ലോ. ഞാൻ അദ്ദേഹത്തിന്റെ കെട്ട് കുറച്ച് അയച്ച് കൊടുത്തതാണ് എന്ന് ഒരാൾ പറഞ്ഞപ്പോൾ തിരുനബി പറഞ്ഞു: അങ്ങനെയാണെങ്കിൽ എല്ലാ തടവുകാരോടും അങ്ങനെ തന്നെ ചെയ്യുക.

സീറത്ത് ഖാത്തമുന്നബിയ്യീനിൽ ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു, തിരുനബി(സ) മുസ്ലിംകളോട് താക്കീത് ചെയ്തുകൊണ്ട് ഇപ്രകാരം പറഞ്ഞു: യുദ്ധത്തടവുകാരോട് സൗമ്യമായും കാരുണ്യത്തോടും പെരുമാറണം. അവരുടെ സുഖസൗകര്യങ്ങൾ ശ്രദ്ധിക്കണം. സഹാബാക്കൾക്ക് നബി(സ)യുടെ എല്ലാ ആഗ്രഹങ്ങളും പൂർത്തീകരിക്കുന്നത് വളരെ പ്രിയങ്കരമായിരുന്നു. അതുകൊണ്ട് തന്നെ തിരുനബിയുടെ ഈ ഉപദേശത്തെ അവർ എത്ര സുന്ദരമായാണ് പ്രാവർത്തികമാക്കിയത് എന്നാൽ ലോക ചരിത്രത്തിൽ അതിന് ഉപമകൾ കാണാൻ ആകില്ല. സർ വില്ല്യം മൂർ മുസ്ലിംകളുടെ യുദ്ധതടവുകാരോട് ഉണ്ടായിരുന്ന അനുഭാവ പൂർവമായ പെരുമാറ്റത്തെ കുറിച്ച് ഇപ്രകാരം പറയുന്നു: മുഹമ്മദ്(സ)ന്റെ കല്പന പ്രകാരം മുഹാജിരീങ്ങളും അൻസാറുകളും യുദ്ധത്തടവുകാരോട് വളരെ സ്നേഹത്തോടെയും വാത്സല്യത്തോടെയും പെരുമാറിയിരുന്നു. ഏത്പോലെ എന്നാൽ ചില യുദ്ധത്തടവുകാരുടെ സ്വയം സാക്ഷ്യപ്പെടുത്തലുകളും ചരിത്രത്തിൽ രേഖപ്പെട്ടിട്ടുണ്ട്. (അവർ പറഞ്ഞത്) മദീനക്കാർക്ക് അല്ലാഹു നല്ലത് വരുത്തട്ടെ; അവർ ഞങ്ങൾക്ക് സവാരിമൃഗങ്ങളെ നൽകുകയും സ്വയം കാൽനടയായി സഞ്ചരിക്കുകയും ചെയ്തിരുന്നു. അതുപോലെ ഞങ്ങൾക്ക് ആട്ടയുടെ പാകം ചെയ്ത റൊട്ടി നൽകുമായിരുന്നു; സ്വയം ഈത്തപ്പഴങ്ങൾ കഴിച്ചുകൂടുമായിരുന്നു. ചില തടവുകാർ ഈ സത്പേരുമാറ്റത്തിന്റെ പ്രഭാവത്തിനു കീഴിൽ വന്നുകൊണ്ട് മുസ്ലിംകളായി എന്നതിൽ അത്ഭുതപ്പെടാനില്ല. അത്തരക്കാരെ ഉടനടി സ്വതന്ത്രമാക്കി. മാത്രമല്ല ഇസ്ലാംമതം സ്വീകരിക്കാത്ത തടവുകാരോട് അവർ കാണിച്ചിരുന്ന സത്പെരുമാറ്റം അവരിൽ വലുതായ സ്വാധീനം ഉളവാക്കിയിരുന്നു.

ബദ്ർ യുദ്ധത്തിന്റെ പ്രാധാന്യത്തെയും അതിന്റെ സ്വാധീനങ്ങളെയും കുറിച്ച് ഇപ്രകാരം വന്നിരിക്കുന്നു, ബദ്ർ യുദ്ധവിജയത്തിന്റെ സുവാർത്ത അറിയിക്കാൻ അബ്ദുല്ലാഹ് ബിൻ റവാഹ, സൈദ് ബിൻ ഹാരിഥയോടൊപ്പം മദീനയിലെത്തി. അവരുടെ വായിൽനിന്നും വിജയ സുവാർത്തയുടെ പ്രഖ്യാപനം കേട്ടപ്പോൾ ദൈവശത്രുവായ കഅബ് ബിൻ അശ്റഫ് എന്ന യഹൂദി അവരെ വ്യാജപ്പെടുത്തുകയുണ്ടായി. അയാൾ പറഞ്ഞു:

മുഹമ്മദ്(സ) ഇത്രയും വലിയ വലിയ പ്രമാണിമാരെ വധിച്ചെങ്കിൽ ഭൂമുഖത്ത് താമസിക്കുന്നതിനേക്കാൾ നല്ലത് ഭൂമിയുടെ ഉൾഭാഗത്ത് താമസിക്കുന്നതാണ്. അതായത് ജീവിച്ചിരിക്കുന്നതിനേക്കാൾ നല്ലത് മരിക്കുന്നതാണ്.

അല്ലാമാ ശിബ്ലി നുഅ്മാനി ബദ്ർ യുദ്ധത്തിന്റെ പരിണാമത്തെ കുറിച്ച് ഇപ്രകാരം എഴുതുന്നു. ബദ്ർ യുദ്ധം മതപരമായും അത്പോലെ രാജ്യ തലത്തിലുമുള്ള അവസ്ഥകളിൽ പ്രകടമായ മാറ്റങ്ങൾ വരുത്തി. യഥാർഥത്തിൽ ഇത് ഇസ്ലാമിന്റെ പുരോഗതിയിലേക്കുള്ള ആദ്യത്തെ ചുവടു നീക്കം ആയിരുന്നു. ഇസ്ലാമിന്റെ പുരോഗതിയുടെ വഴിയിൽ തടസ്സമായി നിലകൊള്ളുകയായിരുന്ന ഖുറൈശികളായ പല വൻപ്രമാണിമാർ ഓരോരുത്തരും നശിക്കപ്പെട്ടു.

ഉത്ബയുടേയും അബൂജഹലിന്റേയും മരണം ഖുറൈശികളുടെ ഭരണകൂടത്തിന്റെ കിരീടം അബൂസുഫിയാന്റെ ശിരസ്സിൽ വരാൻ വഴി വെച്ചു. അപ്രകാരം അമവി ഭരണകൂടത്തിന് തുടക്കം കുറിച്ചു. എന്നാൽ ഖുറൈശികളുടെ ശരിയായ ശക്തിയും ഭരണവും മറ്റും ക്ഷയിച്ച് തുടങ്ങി. മദീനയിൽ അബ്ദുല്ലാഹ് ബിൻ ഉബയ്യ് ഇബ്നു സുലൂൽ വ്യക്തമായ നിലയിൽ നിഷേധി ആയിരുന്നെങ്കിലും പിന്നീട് ബാഹ്യദൃഷ്ടിയാ അയാൾ ഇസ്ലാമിക വൃത്തത്തിലേക്ക് പ്രവേശിച്ചു. ജീവിതകാലം മുഴുവനും കപടവിശ്വാസിയായി കഴിച്ചുകൂട്ടി. അതെ അവസ്ഥയിൽ തന്നെ അയാൾ മരണപ്പെടുകയുണ്ടായി. ഈ പ്രകടമായ വിജയം കണ്ട് അവിശ്വാസികളിൽ അസൂയയുടെ അഗ്നി ആളിക്കത്തി. അത് അവർക്ക് നിയന്ത്രിക്കാനായില്ല. ഖുറൈശികൾക്ക് ആദ്യം ഖസ്റമിയെ കുറിച്ചായിരുന്നു പറഞ്ഞ് വിലപിക്കാൻ ഉണ്ടായിരുന്നത് എങ്കിൽ ബദറിനുശേഷം എല്ലാ വീടും മരണവീട് ആയി മാറി. ബദ്റിൽ വധിക്കപ്പെട്ടവർക്ക് വേണ്ടി പ്രതികാരം ചെയ്യാൻ മക്കയിലെ കുഞ്ഞുകുട്ടികൾ പോലും അസ്വസ്ഥരായിരുന്നു. അപ്രകാരത്തിലാണ് സുവൈഖ് സംഭവം നടന്നതും ഉഹദ് യുദ്ധത്തിന്റെ പശ്ചാത്തലം ഉണ്ടായതും.

ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു, കാഫിരീങ്ങളും മുസ്ലിംകളും ഒരു പോലെ ബദ്ർ യുദ്ധത്തിന്റെ ശക്തമായതും ദൂരവ്യാപവുമായ സ്വാധീനവലയത്തിൽ അകപ്പെട്ടിരുന്നു. അതുകൊണ്ട് തന്നെ ഈ യുദ്ധം ഇസ്ലാമിക ചരിത്രത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാകുന്നു. എത്രത്തോളമെന്നാൽ വിശുദ്ധ ഖുർആൻ ഈ യുദ്ധത്തിന് യൗമുൽ ഫുർഖാൻ എന്ന് വിശേഷിപ്പിച്ചു. അതായത് ആ ദിവസം ഇസ്ലാമിന്റെയും കുഫ്റിന്റെയും ഇടയിൽ വ്യക്തമായ ഒരു തീരുമാനം ഉണ്ടായി. ബദ്ർ യുദ്ധത്തിന് ശേഷവും ഖുറൈശികൾക്കും മുസ്ലിംകൾക്കുമിടയിൽ ഘോരമായ യുദ്ധങ്ങൾ തീർച്ചയായും നടന്നിട്ടുണ്ട്. അതിനെ തുടർന്ന് മുസ്ലിംകൾക്ക് അപായകരമായ പല അവസ്ഥകളും നേരിടേണ്ടി വന്നിട്ടുണ്ട് എങ്കിലും ബദ്ർ യുദ്ധത്തിൽ കാഫിരീങ്ങളുടെ നട്ടെല്ല് തന്നെ തകർന്നുപോയിരുന്നു. അതിന് ശേഷം നടന്ന ഒരു യുദ്ധത്തിനും ഈ പരിക്കിനെ ശരിയാക്കാൻ അവർക്ക് കഴിഞ്ഞിരുന്നില്ല. കൊല്ലപ്പെട്ടവരുടെ എണ്ണം നോക്കുമ്പോൾ ഇത് അത്ര വലിയ തോൽവി ആയിരുന്നില്ല. ഖുറൈശിനെ പോലെയുള്ള ഒരു സമൂഹത്തിൽ 70 72 സൈനികർ കൊല്ലപ്പെടുക എന്നത് സാമൂഹിക നാശമായി കാണാൻ കഴിയില്ല. പിന്നെ എന്തുകൊണ്ടാണ് ബദ്ർ യുദ്ധത്തെ യൗമുൽ ഫുർഖാൻ എന്ന് വിശേഷിപ്പിക്കുന്നത്.? ഈ ചോദ്യത്തിന് ഏറ്റവും മികച്ച ഉത്തരം വിശുദ്ധ ഖുർആൻ വിവരിച്ചതാകുന്നു. അതായത് **യഖ്ത്വഅ ദാബിറുൽ കാഫിരീൻ.** സത്യത്തിൽ അന്നേ ദിവസം കാഫിരീങ്ങളുടെ വേരുകൾ അറുക്കപ്പെട്ടിരുന്നു. ബദ്ർ യുദ്ധത്തിന്റെ പ്രഹരം കാഫിരീങ്ങളുടെ വേരുകളിൽ പതിക്കുകയും അത് രണ്ടു കഷ്ണമാവുകയും ചെയ്തു.

ബദ്റിൽ കാഫിരീങ്ങളുടെ വേരുകൾ അറുക്കപ്പെട്ടിരുന്നു. ഉത്ബ, ശൈബ, ഉമയ്യ ബിൻ ഖല്ഫ്, അബൂജഹൽ, അഖ്ബ ബിൻ അബീ മുഈത്ത്, നസർ ബിൻ ഹാരിസ് എന്നിവർ ഖുറൈശി സമൂഹത്തിന്റെ ജീവസ്സുറ്റ ആത്മാക്കളായിരുന്നു.

ഹദ്റത് മുസ്ലിഹ് മൗഊദ്(റ) ഇതേ കുറിച്ച് പറയുന്നു: ഇതിന് ശേഷവും മുസ്ലിംകൾക്ക് പല അതിക്രമങ്ങളും സഹിക്കേണ്ടി വന്നിട്ടുണ്ട് എന്നതിൽ സംശയമൊന്നും ഇല്ല. അവർക്ക് കാഫിരീങ്ങളുമായി പല യുദ്ധങ്ങളിലും ഏർപ്പെടേണ്ടി വന്നിട്ടുണ്ട് എങ്കിലും ബദ്ർ യുദ്ധം കാഫിരീങ്ങളുടെ ശക്തിയെ തീർത്തും തകർത്ത് കളഞ്ഞിരുന്നു. മുസ്ലിംകളുടെ മഹത്വം അവർക്ക്മേൽ വെളിപ്പെട്ടിരുന്നു. വിശുദ്ധ ഖുർആൻ ഫുർഖാൻ എന്ന് വിശേഷിപ്പിച്ച ബദ്ർ യുദ്ധത്തെ കുറിച്ച് ബൈബിളിലും ഒരു പ്രവചനമുണ്ട്. അതുപോലെ വിശുദ്ധ ഖുർആനിൽ ഒരു പതിനൊന്നാം രാവിനെ കുറിച്ചുള്ള വാർത്തയോടെ ഇപ്രകാരം പ്രവചനം ഉണ്ട്. ഹിജ്റത്തിനു ഒരു വർഷം പിന്നിട്ടാൽ സത്യനിഷേധികളുടെ സർവ്വശക്തിയും ക്ഷയിക്കുന്നതാണ്.

അതുപോലെ മുസ്‌ലിംകൾക്ക് വിജയത്തിന്റെയും ആധിപത്യത്തിന്റെയും പ്രഭാതം പുലരുന്നതാണ്. അപ്രകാരം കൃത്യം ഒരു വർഷം കഴിഞ്ഞ് ബദ്ർ യുദ്ധം നടന്നു. അതിൽ സത്യനിഷേധികളുടെ വലിയ മൂപ്പന്മാർ വധിക്കപ്പെട്ടു. മുസ്‌ലിംകൾക്ക് അവർക്കെതിരെ വൻവിജയം ലഭിച്ചു.

ബദ്‌രി സ്വഹാബാക്കളുടെ പ്രാധാന്യവും ശ്രേഷ്ഠതയും മനസ്സിലാക്കി തരാൻ റസൂലുല്ലാഹ്(സ) ഈ ഉമ്മത്തിൽ വരുന്ന മഹ്ദിയുടെ ഒരു ലക്ഷണം ഇപ്രകാരം വിവരിക്കുകയുണ്ടായി; അദ്ദേഹത്തിന്റെ പക്കൽ ഒരു ഗ്രന്ഥമുണ്ടാകും അതിൽ ബദ്‌രി സ്വഹാബാക്കളുടെ എണ്ണത്തിന് തുല്യം 313 സ്വഹാബാക്കളുടെ പേര് ഉണ്ടാകും.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: സഹീഹായ ഹദീസിൽ ഇപ്രകാരം വന്നിരിക്കുന്നു. വാഗ്ദത്ത മഹ്ദിയുടെ അടുത്ത് ഒരു ഗോപ്യമായ ഗ്രന്ഥം ഉണ്ടാകും. അതിൽ അദ്ദേഹത്തിന്റെ 313 സ്വഹാബാക്കളുടെ പേര് രേഖപ്പെട്ടിട്ടുണ്ടാകും. അതുകൊണ്ട് ആ പ്രവചനം ഇന്ന് പൂർത്തിയായിരിക്കുന്നു എന്ന് ഇവിടെ വിവരിക്കുന്നത് അത്യാവശ്യമാണ്. ഒരു കാര്യം വ്യക്തമാണ്, കഴിഞ്ഞുകടന്ന ഈ ഉമ്മത്തിൽ ഇതിനുമുമ്പ് മഹ്ദി വാദം നടത്തിയ ഒരു വ്യക്തിയും ജനിച്ചിട്ടില്ല. അയാളുടെ സമയത്ത് അച്ചടി ശാലകൾ ഉണ്ടായിരുന്നില്ല. അങ്ങനെ ഒരാളുടെ കയ്യിൽ 313 പേരുകൾ എഴുതിയ പുസ്തകവും ഉണ്ടായിട്ടില്ല. ഈ പ്രവർത്തി മനുഷ്യന്റേത് ആയിരുന്നുവെങ്കിൽ ഒരുപാട് വ്യാജൻമാർ ഇത് പുലർന്നത് തങ്ങളിലൂടെയാണെന്ന് വാദിക്കുമായിരുന്നു.

ശെയ്ഖ് അലി ഹംസ ബിൻ അലി മാലിക്കുത്തൂസി തന്റെ ഗ്രന്ഥമായ ജവാഹിറുൽ ഇസ്റാറിൽ വാഗ്ദത്ത മഹ്ദിയെ കുറിച്ച് എഴുതിയിരിക്കുന്നു, കദ്അ എന്ന് പേരുള്ള ഗ്രാമത്തിൽനിന്ന് മഹ്ദി വരുന്നതായിരിക്കും. അല്ലാഹു ആ മഹ്ദിയെ സാക്ഷ്യപ്പെടുത്തുകയും ദൂരദിക്കുകളിൽനിന്ന് അവനുവേണ്ടി സുഹൃത്തുക്കളെ ഒരുമിച്ച് കൂട്ടുകയും അവർ ബദ്ർകാരുടെ എണ്ണത്തിന് തുല്യമായിരിക്കുകയും ചെയ്യും. അതായത് 313 പേർ. അവരുടെ പേരും നാടും സ്വഭാവവുമൊക്കെ ഒരു ഗോപ്യമായ ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നതാണ്.

ഹദ്റത് മസീഹ് മൗഊദ്(അ) പറയുന്നു: ഇതിനു മുമ്പ് (ആരെങ്കിലും) വാഗ്ദത്ത മഹ്ദിയാണെന്ന് അവകാശപ്പെടുകയും അവന്റെ സുഹൃത്തുക്കളുടെ പേരുകൾ ഉൾക്കൊള്ളുന്ന ഒരു അച്ചടിച്ച പുസ്തകം കൈവശം വയ്ക്കുകയും ചെയ്യുന്ന കാര്യത്തിൽ ആരും യോജിച്ചിട്ടില്ലെന്ന് വ്യക്തമാണ്. എന്നാൽ ഞാൻ ഇതിനകം ആയിനയെ കമാലാത്തെ ഇസ്‌ലാമിൽ മുന്നൂറ്റി പതിമൂന്ന് പേരുകൾ രേഖപ്പെടുത്തിയിരിക്കുന്നു. ഇനി ഞാൻ ന്യായ പൂർത്തിക്കായി താഴെ (അഞ്ചാമെ ആഥം എന്ന ഗ്രന്ഥത്തിൽ) വീണ്ടും മുന്നൂറ്റി പതിമൂന്ന് പേരുകൾ രേഖപ്പെടുത്തുന്നു.

പതിനാലാം നൂറ്റാണ്ട് നന്മയും അനുഗ്രഹവും നൽകുമെന്ന് സ്ത്രീകൾപോലും വാതോരാതെ പറഞ്ഞുകൊണ്ടിരുന്ന അതേ നൂറ്റാണ്ടാണ് പതിനാലാം നൂറ്റാണ്ട്. ദൈവവചനം പൂർത്തീകരിക്കപ്പെട്ടു; പതിനാലാം നൂറ്റാണ്ടിൽ സർവ്വശക്തനായ അല്ലാഹുവിന്റെ നിശ്ചയപ്രകാരം അഹ്മദ് എന്ന അഭിദാനത്തിന്റെ പ്രകടനമുണ്ടായി. ബദറിന്റെ സംഭവത്തിൽ പ്രവചിക്കപ്പെട്ടയാളും അല്ലാഹുവിന്റെ റസൂൽ(സ) സലാം (എത്തിക്കാൻ) പറഞ്ഞയാളും ഞാനാണ്. പക്ഷേ, അഹോ കഷ്ടം! ആ ദിവസം വന്ന് പതിനാലിന്റെ ചന്ദ്രൻ ഉദിച്ചപ്പോൾ, ആ വ്യക്തിയെക്കുറിച്ച് നിങ്ങൾ കച്ചവടക്കാരെനെന്നും സ്വാർത്ഥനെന്നും വിളിച്ചു. കണ്ടിട്ടും കാണാത്തവർക്കും, സമയം ലഭിച്ചിട്ടും തിരിച്ചറിയാത്തവർക്കും അഹോ കഷ്ടം! പതിനാലാം നൂറ്റാണ്ടിൽ ഇങ്ങനെ സംഭവിക്കുമെന്ന് പ്രസംഗപീഠങ്ങളിൽ കയറി വിലപിച്ചവർ മൃതിയടഞ്ഞിരിക്കുന്നു. ഇപ്പോൾ പ്രസംഗപീഠങ്ങളിൽ കയറി വന്നിരിക്കുന്നത് കള്ളവാദിയാണെന്ന് പറയുന്നവർ ആണ് അവശേഷിച്ചിരിക്കുന്നത്. ഇവർക്കെന്തുപറ്റി? എന്തുകൊണ്ടാണ് ഇവർ ഇത് കാണാത്തത്? എന്തുകൊണ്ട് ഇവർ ചിന്തിക്കുന്നില്ല.?

പിന്നീട്, ഹുസൂർ അൻവർ(അ.ബി.) 1904 ഫെബ്രുവരി 7 ലെ ഡയറിയിൽ ഹദ്റത് മസീഹ് മൗഊദ്(അ) പറഞ്ഞ *ബദർ യുദ്ധത്തിന്റെ കഥ മറക്കരുത്* എന്നതിനെ പരാമർശിച്ചുകൊണ്ട് പറഞ്ഞു: ബദറിന്റെ പ്രാധാന്യത്തെക്കുറിച്ച് അല്ലാഹു നമ്മെ പ്രത്യേകം ബോധവാന്മാരാക്കട്ടെ, തിരുനബി(സ)ന്റെ സത്യസന്ധനായ ദാസന്റെ ആഗമനത്തെ നാം മനസ്സിലാക്കുന്നവരാകട്ടെ. മുസ്‌ലിം ഉമ്മത്തിനും ബദ്ർ സംഭവത്തിന്റെ യാഥാർഥ്യം മനസ്സിലാക്കാൻ അല്ലാഹു സഹായിക്കട്ടെ. തിരുനബി(സ)ന്റെ ദാസത്വത്തിൽ വന്നുകൊണ്ട് വാഗ്ദത്ത മസീഹിനെ തിരിച്ചറിഞ്ഞുകൊണ്ട് മുസ്‌ലീങ്ങൾക്ക് നഷ്ടപ്പെട്ട പ്രതാപം വീണ്ടെടുക്കാൻ യോഗ്യരായി തീരുമാറാകട്ടെ.

രണ്ടാം ഖുത്ബക്ക് മുമ്പ് ഹുസൂർ അൻവർ പറഞ്ഞു: അടുത്ത വെള്ളിയാഴ്ച മുതൽ ജമാഅത്ത് അഹ്മദിയ്യാ യു.കെ.യുടെ വാർഷിക സമ്മേളനം ആരംഭിക്കുകയാണ്. ഇൻശാ അല്ലാഹ്.

മൂന്ന് നാല് വർഷത്തെ ഇടവേളക്ക് ശേഷമാണ് ഈ വർഷം പുറമേ നിന്ന് അഥിതികൾ വരുന്നത്; മറിച്ച് വരാൻ തുടങ്ങിയിരിക്കുന്നു. അല്ലാഹു ഈ യാത്രക്കാരുടെയെല്ലാം യാത്ര എളുപ്പമാക്കി സുരക്ഷിതമായി ഇവിടെ എത്തിച്ചേരാൻ സഹായിക്കട്ടെ. ജൽസയുടെ ലക്ഷ്യങ്ങളിൽ നിന്ന് യഥാർത്ഥ നേട്ടങ്ങൾ കരസ്തമാക്കാൻ തൗഫീഖ് നൽകട്ടെ. അതുപോലെ യുകെയിൽ താമസിക്കുന്നവരും യഥാർത്ഥ ആത്മാവോടും ആവേശത്തോടും കൂടി ജൽസയിൽ പങ്കുചേരുക.

ജൽസാ ദിനങ്ങളിലെ ആത്മീയ ഭക്ഷണത്തളികയിൽ നിന്നും ഫലമെടുക്കാൻ ശ്രമിക്കുന്നവരാകാൻ ആണ് ശ്രദ്ധിക്കേണ്ടത്.

കൂടാതെ, ഹദ്റത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളായി പങ്കെടുക്കുന്ന ഓരോ വ്യക്തിയെയും സേവിക്കുന്ന പശ്ചാത്തലത്തിൽ ആതിഥ്യമര്യാദകളെക്കുറിച്ചും ജൽസയുടെ ഡ്യൂട്ടിക്കായി നിയോഗിക്കപ്പെട്ടവരുടെയും വിവിധ വകുപ്പുകളുടേയും പങ്കെടുക്കുന്നവരുടേയും ഉത്തരവാദിത്തങ്ങളെ കുറിച്ചും പറഞ്ഞതിനു ശേഷം ഉപദേശിച്ചുകൊണ്ട് പറഞ്ഞു: എപ്പോഴും പുഞ്ചിരിച്ചുകൊണ്ട് ഇരിക്കാനുള്ള തിരുനബിയുടെ നിർദേശം എല്ലാവരും പാലിക്കുക. എല്ലാ വളണ്ടിയർമാരും അവരുടെ കർത്തവ്യങ്ങൾ നല്ല രീതിയിൽ നിർവഹിക്കുന്നവരാകട്ടെ. ഈ ജൽസ എല്ലാ വിധത്തിലും അനുഗ്രഹീതമാകട്ടെ. പ്രത്യേകിച്ച് ഓരോ അഹ്മദിയും ഈ ജൽസയുടെ വിജയത്തിനായി പ്രാർത്ഥിക്കേണ്ടതാണ്. അല്ലാഹു നമുക്കെല്ലാവർക്കും ഇതിനുള്ള സൗഭാഗ്യം നൽകട്ടെ.

---

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِيْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَنَتَوَکَّلُ عَلَيْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ يُّضْلِلْہُ فَلَا ھَادِیَ لَہٗ ۔ وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَنَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ ۔ عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِی الْقُرْبٰی وَ يَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ يَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ يَذْکُرْکُمْ وَ ادْعُوْہُ يَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ۔

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)

at Masjid Mubarak U.K. – on 21.07. 2023

Typing: Waseem Ahmad Chelakkara & T Jamshad Mukkam

Malayalam Translation, & Layout: **Moulavi T. Jamshad Mukkam** For Malayalam Desk, Qadian.

**Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516**